# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2463 17.08.2017 ലെ മറുപടി

## കുളങ്ങളും ചിറകളും സംരക്ഷിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ബി.സത്യൻ:** | **മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കുളങ്ങളും ചിറകളും സംരക്ഷിക്കാൻ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും, ചിറകളും സംരക്ഷിക്കുന്നതിന് ജല സേചന വകുപ്പ് മുഖേന ഹരിതകേരളം, പ്ലാൻ ഫണ്ട്, എം.എൽ.എ ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുളങ്ങളുടെയും, ചിറ കളുടെയും സംഭരണശേഷി വർദ്ധി പ്പിക്കൽ, ശുചീകരണം , പാർശ്വഭിത്തി യിൽ കയർ, ഭൂവസ്ത്രം, പുല്ല് എന്നിവ വച്ച് പിടിപ്പിച്ച് ബലപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. 2017-18 ൽ ജലസേചന വകുപ്പ് മുഖാന്തിരം Renovation of tanks and ponds എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മേൽ പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. |
| (ബി) ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഉയർത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ? | (ബി) ഭൂഗർ ജലനിരപ്പ് ഉയർത്തുന്നതിന് മാത്രമായുള്ള പ്രത്യേക പദ്ധതികൾ ജലസേചന വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്നില്ല. എന്നാൽ ജല സേചന വകുപ്പിൽ വിവിധ പ്ലാൻ സ്കീമുകളിലായി ജലസേചനത്തിനായി നദികൾക്കും തോടുകൾക്കും കുറുകെ നിർമ്മിക്കുന്ന ചെക്ക് ഡാമുകൾ, |

റഗുലേറ്ററുകൾ, വെന്റഡ് ക്രോസ്സ് ബാറുകൾ എന്നീ സ്ട്രക്ചറുകൾക്ക് മുകൾഭാഗത്ത് ജലം സംഭരിക്കപ്പെടുന്നതിനാൽ സമീപ പ്രദേശങ്ങളിൽ ഭൂഗർഭ ജലവിതാനം ഉയരുന്നതിന് കാരണമാകുന്നുണ്ട്.

ഭൂഗർഭ ജലത്തിന്റെ നിരപ്പ് ഉയർത്തുന്നതിനും വരൾച്ചയെ പ്രതിരോധിക്കുന്നതിനും ദീർഘകാലാടിസ്ഥാനത്തിൽ കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ ജില്ലകളിൽ ഭൂജലവകുപ്പ് അവലംബിച്ചു വരുന്നു. തുറന്ന കിണർ / കുഴൽകിണർ വഴിയുള്ള സംപോഷണത്തിന് വകുപ്പ് പ്രാമുഖ്യം നല്കി വരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൻ കീഴിൽ 157 ലക്ഷം രൂപ വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**